**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗക്കാർക്കായുള്ള ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യം നിർമ്മാർജനം ചെയ്ത് മികച്ച ജീവിത സാഹചര്യം സൃഷ്ടിക്കാൻ ആവിഷ്കരിച്ചിട്ടുള്ള ഹോം (ഹൗസ് ഹോൾഡ് ഓറിയന്റഡ് മൈക്രോപ്ലാനിംഗ് ഫോർ എംപവർമെന്റ്) പദ്ധതി പ്രവൃത്തിപഥത്തിലെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ട് കൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് "HOME" (Household Oriented Micro Planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗക്കാരെയും പ്രാക്തന ഗോത്ര വർഗ്ഗങ്ങളെയും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി ദുർബല വിഭാഗങ്ങളെയും മൂന്നാം ഘട്ടത്തിൽ മറ്റ് പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളെയുമാണ് പരിഗണിക്കുന്നത്. നിലവിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി, നായാടി, വേടൻ എന്നീ അഞ്ചു ഉപജാതി വിഭാഗങ്ങൾക്കായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 19/08/2022-ലെ സ.ഉ.(കൈ)നം.40/2022/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വീടും ഭൂമിയും ലഭ്യമാക്കുന്നതിന് പുറമെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; | (ബി) | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നിലവിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുത്ത് നൽകുന്നതിനാണ് വിഭാവനം ചെയ്യുന്നത്. കൃഷി ഭൂമി വാങ്ങുന്നതിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ ഗുണഭോക്താക്കൾക്ക് സുസ്ഥിര |

| | | | |
|---|---|---|---|
| | | | വരുമാനം ഉറപ്പാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളവയാണ്. |
| (സി) | കുടുംബാധിഷ്ഠിത ആസൂത്രണം പ്രാവർത്തികമാക്കുന്നതിന് വേണ്ട വിവര സമാഹരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡം വിശദമാക്കാമോ? | (സി) | പ്രാരംഭ ഘട്ടമെന്ന നിലയിൽ, സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ട അതിദരിദ്രരായ പട്ടിക വിഭാഗ കുടുംബങ്ങളെ കണ്ടെത്തുകയും പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട് . 19/08/2022-ലെ സ.ഉ.(കൈ)നം.40/2022/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുള്ള പദ്ധതിയിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി, നായാടി, വേടൻ എന്നീ അഞ്ചു ഉപജാതികളിൽ ഉൾപ്പെട്ടിട്ടുള്ളവരെയാണ് പരിഗണിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള ചോദ്യാവലി മുഖേന ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബം, വരുമാനം 25000/-രൂപയോ അതിൽ താഴെയോ ഉള്ള കുടുംബം, AAY കാർഡ് ഉള്ള കുടുംബം, 60വയസ്സിനു മുകളിൽ പ്രായമുള്ളവർ മാത്രമുള്ള കുടുംബം, വനിതകൾ മാത്രമുള്ള കുടുംബം, ഭിന്ന ശേഷിക്കാർ/ കിടപ്പ രോഗികൾ/മാരക രോഗങ്ങൾ ബാധിച്ചവർ ഉള്ള കുടുംബം, ഭർത്താവ് നഷ്ടപ്പെട്ട/ഉപേക്ഷിച്ച വനിത കുടുംബനാഥയായ കുടുംബം, വരുമാന മാർഗ്ഗമില്ലാത്ത കുടുംബം(സാമൂഹ്യ പെൻഷൻ ഒഴികെ) എന്നീ 8 ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്. മറ്റു വിഭാഗങ്ങൾക്ക് പ്രത്യേകമായി പദ്ധതി നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ